## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 490** **23-07-2021 - ൽ മറുപടിയ്ക്ക്**

## കൊയിലാണ്ടി മണ്ഡലത്തിലെ കടൽ ഭിത്തികളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രതിഫലനമായുണ്ടായ കടൽ ക്ഷോഭത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ കടൽ സംരക്ഷണ ഭിത്തികൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രകോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത് എന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏകദേശം 10.60 കോടിയോളം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ബി) | കടൽ സുരക്ഷാഭിത്തികൾക്ക് ശോഷണം സംഭവിച്ചയിടങ്ങളിൽ അവ ബലപ്പെടുത്താനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | കടൽ സുരക്ഷാ ഭിത്തികൾക്ക് ശോഷണം സംഭവിച്ചയിടങ്ങളിൽ അവ ബലപ്പെട്ട ത്താനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. 2 അടിയന്തിര അറ്റകുറ്റ പണികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന കാപ്പാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന ഹോട്ട് സ്പോട്ടുകളിലൊന്നായി സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ കടൽക്ഷോഭം നേരിടുന്നതിന് അടിയന്തരമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) | കാപ്പാട് പ്രദേശം ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന Hotspot ആയി NCCR പഠനത്തിനായി പരിഗണിച്ചിട്ടുണ്ട്. കാപ്പാട് പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ കാപ്പാട് മുതൽ വലിയങ്ങാടി വരെ 16 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി പൂനെ CWPRS നോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ